**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5689** **18.11.2019 -** ൽ മറുപടിയ്ക്ക്

# കോക്ലിയാർ ഇംപ്ലാന്റ് സർജറി

**ചോദ്യം**

ശ്രീ.ടി.ജെ.വിനോദ്

**മറുപടി**

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കോക്ലിയാർ ഇംപ്ലാന്റ് സർജറി കഴിഞ്ഞുള്ള മെയിന്റനൻസിനായി അൻപതിനായിരം രൂപ വീതം എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് കോക്ലിയാർ ഇംപ്ലാന്റ് സർജറി കഴിഞ്ഞുള്ള മെയിന്റനൻസിനായി 50,000/- രൂപ നീക്കിവച്ചുകൊണ്ട് ഇതുവരെ 17 പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് 17 പഞ്ചായത്തുകൾ/കോർപ്പറേഷനുകളിൽ നിന്നുമായി ആകെ 64,75,520/- രൂപ ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള തുകയുടെ വിനിയോഗം നടത്തുന്നതിന് മാർഗ്ഗരേഖ അംഗീകരിക്കുന്നതിനും റേറ്റുകൾ പരിശോധിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | നീക്കിവച്ചിട്ടുള്ള തുകയിൽ എത്ര തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ആകെ ലഭിച്ചിട്ടുണ്ട്; ഈ തുക ഉപയോഗിച്ച് എത്ര പേർക്ക് മെയിന്റനൻസ് തുടങ്ങിയ സഹായങ്ങൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; | | |
| (സി) | കോക്ലിയർ ഇംപ്ലാന്റിനുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേരിട്ട് നൽകണമെന്ന ഉത്തരവ് മാറ്റി കെ.എസ്.എസ്.എം. മുഖേന നടപ്പിലാക്കണമെന്ന ഉത്തരവ് ഇറക്കിയത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (സി) | 05.09.2018, 27.09.2018 എന്നീ തീയതികളിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സാമൂഹ്യ സുരക്ഷാ മിഷൻ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്ന ശ്രുതിതരംഗം പദ്ധതി നടപ്പിലാക്കി പരിചയവും പ്രാവീണ്യവും ഉള്ളതിനാൽ ഇവയുടെ റിപ്പയറിംഗും കേരള സാമൂഹ്യ സുരക്ഷാ മിഷൻ തന്നെ നടത്തുന്നതാണ് ഉചിതമെന്നും ഇത്തരം |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ടുവേണം വാങ്ങുവാൻ എന്നും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ഡി) | ഈ പുതുക്കിയ ഉത്തരവ് കാരണം കേരളത്തിലെ ഇംപ്ലാൻസിന് യാതൊരുവിധ സഹായവും ലഭ്യമായിട്ടില്ല എന്നുള്ള വിവരം കാണിച്ച് കോക്ലിയർ ഇംപ്ലാൻസ് അസോസിയേഷൻ ആന്റ് ചാരിറ്റബിൾ സൊസൈറ്റി (സിയാക്സ്) സെക്രട്ടറി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിയ്ക്കുന്നതിനും റേറ്റുകൾ പരിശോധിയ്ക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ഇ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.എസ്.എം. ലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുന്നതിന് പുതിയ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന നടപടി എന്തായെന്ന് വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത പദ്ധതിയ്ക്കായി പുതിയ അക്കൗണ്ട് ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ അക്കൗണ്ട് ലഭിയ്ക്കുന്നതുവരെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ നിലവിലുള്ള അക്കൗണ്ടിൽ പഞ്ചായത്ത്/ കോർപ്പറേഷൻ വകയിരുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക്/കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്. |
| (എഫ്) | നിലവിൽ കോക്ലിയർ ഇംപ്ലാന്റ് സർജറി ഗവണ്മെന്റ് സ്കീമിൽ ചെയ്യുന്നതിനും അനുബന്ധ സഹായങ്ങൾ ലഭിക്കുന്നതിനുമുള്ള വരുമാന, പ്രായപരിധി എടുത്ത് മാറ്റി എല്ലാവർക്കും സഹായം ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലെത്തിയെന്ന് അറിയിക്കാമോ? | (എഫ്) | നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**